# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2932  07.02.2018 - ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പ് അഴിമതിമുക്തമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ. ശശി :** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്തു വകുപ്പിൻ കീഴിൽ നടത്തുന്ന പ്രവൃത്തികൾ കരാറുകാർ കുറ്റമറ്റരീതിയിലും യഥാസമയവും പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ; | (എ) പൊതുമരാമത്തു വകുപ്പിനു കീഴിൽ നടത്തുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു :<br><br>1) പൊതുമരാമത്തു വകുപ്പിൻ കീഴിൽ നടത്തുന്ന പ്രവൃത്തികൾ കുറ്റമറ്റതാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയറും, അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിൽ സാങ്കേതിക വിഭാഗം ഫീൽഡ് ജീവനക്കാർ എന്നിവരുടെ ഉത്തരവാദിത്വത്തിലും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ പൂർണ്ണ മേൽനോട്ടത്തിലുമാണ് പ്രവൃത്തികൾ നടത്തി വരുന്നത്.<br><br>2) വകുപ്പിൻ കീഴിൽ നടത്തുന്ന പ്രവൃത്തികൾ കുറ്റമറ്റതാക്കി ഗുണനിലവാരം ഉറപ്പു വരുത്തുന്ന- |

തിനായി ഡിസൈൻ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ക്വാളിറ്റി കൺട്രോൾ വിങ് രൂപീകരിക്കുകയും തുതല ഗുണനിലവാര പരിശോധനാ സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ക്വാളിറ്റി ഉറപ്പാക്കിയതിനു ശേഷം മാത്രമേ കരാറുകാരന് പേയ്മെന്റ് നൽകുന്നുള്ളൂ.

3) ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യുമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

4) കരാറുകാരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന വീഴ്ചമൂലം യഥാസമയം പ്രവൃത്തികൾ പൂർത്തിയാക്കാതെ വരുന്ന സാഹചര്യത്തിൽ അവരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുകയും അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്ന വ്യവസ്ഥയിലാണ് കരാർ ഉടമ്പടി ഒപ്പ് വയ്ക്കുന്നത്.

5) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്ക് പിഴ ചുമത്തി മാത്രമേ സമയ പരിധി ദീർഘിപ്പിച്ച് നൽകാറുള്ളൂ.

6) വകുപ്പിൽ ഇപ്പോൾ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. വകുപ്പ് നടത്തി വരുന്ന പ്രവൃത്തികളെ സംബന്ധിച്ച് പൊതു-

ജനങ്ങൾക്ക് പരാതിയുണ്ടെങ്കിൽ സോഷ്യൽ ഓഡിറ്റിന്റെ ജില്ലാ സമിതി മുൻപാകെ പരാതികൾ സമർപ്പിക്കാവുന്നതാണ്.

(ബി) പൊതുമരാമത്തു കരാറുകാരന്റെ കേസ്സ് വിജയിപ്പിയ്ക്കുന്നതുൾപ്പെടെയുള്ള അഴിമതിക്കേസ്സുകൾ ഈ സർക്കാരിന്റെ കാലയളവിൽ എത്ര എണ്ണം കണ്ടെത്തി; ഇതിൽ മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥരടക്കം എത്ര ഉദ്യോഗസ്ഥർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തൃപ്പൂണിത്തുറ ആയുർവേദ ആശുപത്രിയിൽ 350 കിടക്കകളുള്ള കെട്ടിടം നിർമ്മിക്കുവാൻ കരാർ നൽകിയിരുന്ന കരാറുകാരൻ ശ്രീ. പി. കെ. രാമചന്ദ്രനിൽ നിന്നും ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങി ഒത്തുകളിച്ച് 7 കോടി 67 ലക്ഷം രൂപ കരാറിൽ നിന്നും കൂടുതൽ കൈപ്പറ്റി സർക്കാരിനെ വഞ്ചിക്കാൻ കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കും കരാറുകാരനു-മെതിരെ അന്വേഷണം നടത്തണ-മെന്ന പരാതിയുടെ അടിസ്ഥാന-ത്തിൽ ഒരു പ്രാഥമിക അന്വേഷണം നടന്നുവരുന്നുണ്ട്. കൂടാതെ പൊതു-മരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് 13 വിജിലൻസ് കേസുകൾ നിലവിലുണ്ട്. ഈ കേസുകളിൽ 34 ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ട്.

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത നാളിതുവരെയുള്ള പ്രവൃത്തികൾ എത്ര; ഇവയുടെ കാരണങ്ങൾ എന്ത്; ഇതിൽ ഉദ്യോഗസ്ഥ - കരാറുകാർ തമ്മിലുള്ള അവിശുദ്ധ ബന്ധം ഉണ്ടോ; എന്നിവ വ്യക്തമാക്കുമോ ;

(സി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത പ്രവൃത്തികൾ താഴെ ചേർക്കുന്നു.

തിരുവനന്തപുരം സ്പെഷ്യൽ ബിൽഡിംഗ്സ് - 9 പ്രവൃത്തികൾ.

തിരുവനന്തപുരം കെട്ടിട വിഭാഗം - 32 പ്രവൃത്തികൾ.

കൊല്ലം - 3 പ്രവൃത്തികൾ.

ആലപ്പുഴ - 2 പ്രവൃത്തികൾ.

1) പി. എച്ച്. സി. കലവൂരിന് കെട്ടിട നിർമ്മാണം - സമയപരിധി കഴിഞ്ഞതിനാൽ കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ പ്രവൃത്തി റദ്ദ് ചെയ്യുന്നതിന് 29.01.2018 - ൽ നോട്ടീസ് നൽകി.

2) സബ് ട്രഷറി, ഇടത്വാ - കോടതിയിൽ കേസ് നില-നിൽക്കുന്നു.

കോട്ടയം - 56 പ്രവൃത്തികൾ.

എറണാകുളം - 2016 - 2017 കാലയളവിൽ 89 പ്രവൃത്തികളിൽ 3 പ്രവൃത്തികൾക്ക് സമയപരിധി നീട്ടി.

2017 - 2018 കാലയളവിൽ 63 പ്രവൃത്തികളിൽ 1 പ്രവൃത്തിക്ക് സമയപരിധി നീട്ടി.

തൃശ്ശൂർ - 7 പ്രവൃത്തികൾ.

1) രണ്ട് പ്രവൃത്തികൾ നിർമ്മാണ സ്ഥലത്ത് സ്ഥിതി ചെയ്തിരുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി ലഭിക്കാത്തതിനാൽ.

2) ഒരു പ്രവൃത്തി നിർമ്മാണ സ്ഥലം സംബന്ധിച്ച് പൊതു-ജനങ്ങളുടെ എതിർപ്പ് മൂലം.

3) ഒരു പ്രവൃത്തി നിർമ്മാണം നടക്കുന്ന മൈതാനത്തു നിന്നും പോലീസ് വാഹനങ്ങൾ നീക്കം ചെയ്യാൻ വൈകിയതിനാൽ.

മലപ്പുറം - 32 പ്രവൃത്തികൾ.

കണ്ണൂർ - 16 പ്രവൃത്തികൾ.

| | |
|---|---|
| തിരുവനന്തപുരം<br>നിർമ്മാണ വിഭാഗം<br>പത്തനംതിട്ട<br>ഇടുക്കി<br>പാലക്കാട്<br>കോഴിക്കോട്<br>വയനാട്<br>കാസർഗോഡ് | ഈ ഡിവിഷനുകൾക്ക് കീഴിൽ സമയ പരിധിയിൽ നിർമ്മാണം പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഒന്നുമില്ല. |

സൈറ്റ് കൈമാറി ക്ലിയറായി കിട്ടുന്നതിനുള്ള കാലതാമസം, ഇലക്ട്രിക്കൽ പണികൾക്കുള്ള കാലതാമസം, ട്രഷറി നിയന്ത്രണം കാരണം കരാറുകാർക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ട്, സൈറ്റിലുണ്ടാകുന്ന മറ്റ് തടസ്സങ്ങൾ, നിർമ്മാണ സമയത്ത് നടപ്പാക്കേണ്ടി വരുന്ന അത്യാവശ്യ മാറ്റങ്ങൾ, ഡിപ്പോസിറ്റ് പ്രവൃത്തികളിൽ അധികമായി ഫണ്ട് ആവശ്യമായി വരുന്നത്, മെറ്റീരിയൽ ദൗർലഭ്യം / ക്വാറി സമരം, സ്കൂൾ / ഓഫീസ് സമയത്ത് പ്രവൃത്തി നടത്താൻ കഴിയില്ല എന്നിവ.

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത നാളിതുവരെ 275 പ്രവൃത്തികൾ ഉണ്ട്. പൊതുമരാമത്ത് വകുപ്പ്

നിരത്തുകളിൽ വാട്ടർ അതോറിറ്റി, കെ. എസ്. ഇ. ബി. മുതലായവയുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരിക്കുക, പ്രതികൂലമായ കാലാവസ്ഥ, മെറ്റീരിയൽസിന്റെ ലഭ്യതക്കുറവ്, റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും സ്ഥലമളന്നു കിട്ടാനുള്ള കാലതാമസം, കരാറുകാരുടെ അലംഭാവം, സ്വകാര്യ വ്യക്തികളുടെ അതിർത്തി തർക്കങ്ങളുമായി ബന്ധപ്പെട്ട കോടതി നടപടികൾ മുതലായവയാണ് പ്രധാന കാരണങ്ങൾ.

ഉദ്യോഗസ്ഥ - കരാറുകാർ തമ്മിലുള്ള അവിശുദ്ധ ബന്ധം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യാനും അതു വഴി നിർമ്മാണ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുവാനുമായി വകുപ്പ് എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ?

(ഡി) വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യാനും അതു വഴി നിർമ്മാണ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുവാനുമായി നിലവിലുള്ള സർക്കാർ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി സ്വീകരിച്ചു വരുന്ന എല്ലാ നടപടികളും യഥാസമയം കൈക്കൊണ്ട് ടെണ്ടറിംഗ് സമ്പ്രദായം, ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായി പാലിച്ച്കൊണ്ടും ഉള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രവൃത്തികൾ ചെയ്യുമ്പോൾ കൃത്യമായ ഗുണനിലവാരം പാലിക്കുന്നുണ്ടോ എന്നറിയുന്നതിന് ഗുണനിലവാര പരിശോധന വിവിധതലങ്ങളിൽ നടത്തുന്നുണ്ട്. ഉദ്യോഗസ്ഥർക്ക് ഇതു സംബന്ധിച്ച്

കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ സസ്പെൻഷൻ, സ്ഥലംമാറ്റം എന്നിവയുൾപ്പെടുന്ന കർശന ശിക്ഷാനടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരിശോധനകൾ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ് വിജിലൻസ് എന്നിവരും അഴിമതി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പിലെ സാമ്പത്തിക അഴിമതിയും ക്രമക്കേടുകളും കുറയ്ക്കുന്നതിനായി സർക്കാർ ഉത്തരവ് G.O (Ms) No. 1/2018/PWD dated 05.01.2018 പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ദേശീയ-പാതാ വിഭാഗത്തിന് സോഷ്യൽ ഓഡിറ്റിംഗ് നടത്താനുള്ള നടപടികൾ എടുത്തു വരുന്നു.

കരാർ വ്യവസ്ഥകൾ സുതാര്യ-മാക്കുന്നതിന്റെ ഭാഗമായി 5 കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് നിർബന്ധമാക്കി-യിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**